പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

28.7.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5577

**ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാനുള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ശാരീരിക വൈകല്യങ്ങളാൽ പലവിധ പരാധീനതകൾ കൊണ്ട് ബുദ്ധിമുട്ടുന്ന ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക, അതിലൂടെ വികലാംഗ സംരക്ഷണ നിയമം പരിപാലിക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 പ്രകാരം അംഗപരിമിതർക്ക് പി.എസ്.സി ഉൾപ്പെടെയുള്ള നിയമനങ്ങൾക്ക് 3% സംവരണം നൽകി വരുന്നുണ്ട്. 2004-2007 വരെയുള്ള ബാക്ക് ലോഗ് വേക്കൻസി കണ്ടെത്തി പി.എസ്.സി മുഖാന്തരം നിയമനം നടത്തി വരികയാണ്. ഇത് കൂടാതെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതരെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി, സാർക്ക് വികലാംഗ വർഷം എന്നീ ദിനാചരണങ്ങളുടെ ഭാഗമായി സ്ഥിര നിയമനം നൽകിയിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം 16.8.99 നും 31.12.2003 നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച് 179 ദിവസം പൂർത്തിയാക്കിയ അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ